प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 91 22 2266 0502 फैक्स/Fax: 91 22 22660358

वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

മാർച്ച് 06, 2018

# ഉത്തർപ്രദേശിലെ, കാൺപൂറിൽ ബ്രഹ്മവർത് കൊമ്മേർഷിയൽ സഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ ആർബിഐ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണ നിർദ്ദേശങ്ങളുടെ സാധുത ദീർഘിപ്പിച്ചു.

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (ആർബിഐ), ഉത്തർപ്രദേശിലെ കാൺപൂരിൽ ബ്രഹ്മവർത് കൊമ്മെഴ്സിയൽ സഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണ നിർദ്ദേശങ്ങൾ, പുനരവലോകനത്തിനു വിധേയമായി, 2018 മാർച്ച് 07 മുതൽ 2018 ജൂലൈ 6 വരെ നാലുമാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിരിക്കുന്നു. 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ട് സെക്ഷൻ 35A പ്രകാരം, 2015 ജൂൺ 30 ലെ ഉത്തരവിലൂടെ, 2015 ജൂലൈ 07 വരെ നിയന്ത്രണ നിർദ്ദേശങ്ങൾക്ക് വിധേയമായിരുന്നു.

2015 സെപ്തംബർ 23, 2015 ഡിസംബർ 30, 2016 മാർച്ച് 28, 2016 ജൂൺ 30, 2016 ഡിസംബർ 30, 2017 ജൂൺ 29 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം, നിയന്ത്രണ നിർദ്ദേശങ്ങളിൽ ആർബിഐ ഭേദഗതി വരുത്തുകയും ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2018 മാർച്ച് 1 ലെ ഉത്തരവിൻ പ്രകാരം ഈ നിർദ്ദേശങ്ങളുടെ സാധുത, ഏറ്റവും ഒടുവിൽ ദീർഘിപ്പിക്കപ്പെട്ട 2018 മാർച്ച് 06 ൽ നിന്നും 2018 മാർച്ച് 07 മുതൽ 2018 ജൂലൈ 06 വരെ, പുനരവലോകനത്തിനു വിധേയമായി, നാലുമാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിരിക്കുന്നു. മേല്പറഞ്ഞ ഉത്തരവിലെ മറ്റു വ്യവസ്ഥകളും ചട്ടങ്ങളും മാറ്റമില്ലാതെ തുടരും. 2018 മാർച്ച് 1 ലെ ഉത്തരവിന്റെ ഒരു പകർപ്പ് പൊതുജനങ്ങൾ വായിച്ചറിയുവാനായി ബാങ്കിന്റെ മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ഉത്തരവിൽ വരുത്തിയ ഭേദഗതി, ബാങ്കിന്റെ സാമ്പത്തികനിലയിൽ പുരോഗതിയോ, അധഃപതനമോ ഉണ്ടായിട്ടുള്ളതായി കണക്കാക്കേണ്ടതില്ല. സാഹചര്യങ്ങളനുസരിച്ച്, ഉത്തരവിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ടോ എന്ന് റിസർവ് ബാങ്ക് പരിഗണിക്കും.

**അജിത് പ്രസാദ്**
അസിസ്റ്റന്റ് അഡ്വൈസർ

**പ്രസ്സ് റിലീസ് 2017-2018/2361**